ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01-07-2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **രാജ്യത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ ഇന്ന് മുതൽ പ്രാബല്യത്തിൽ.**

**The three New Criminal Laws - Bharatiya Nyaya Sanhita, 2023, Bharatiya Nagarik Suraksha Sanhita, 2023 and Bharatiya Sakshya Adhiniyam, 2023, come into force from today.**

2). **ഖത്തർ പ്രധാനമന്ത്രിയുമായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ദോഹയിൽ കൂടിക്കാഴ്ച നടത്തി.**

**External Affairs Minister Dr S Jaishankar met Prime Minister and Foreign Minister of Qatar Mohammed bin Abdulrahman bin Jassim Al Thani in Doha.**

3). **72,000 കോടി രൂപയുടെ നദീ-സംയോജന കരാറിൽ ഒപ്പുവച്ച് മധ്യപ്രദേശും രാജസ്ഥാനും.**

**Madhya Pradesh and Rajasthan have taken an important decision to use the water streams of Chambal-Parvati-Kalisindh for both the states.**

4). **താലിബാൻ ഭരണത്തിൽ അഫ്ഗാൻ ജനതയുടെ ജീവിതം മെച്ചപ്പെടുത്താനുള്ള യു.എൻ ചർച്ചയിൽ ഇന്ത്യയും പങ്കെടുക്കുന്നു.**

**India has joined UN-led conference on Afghanistan which began in Doha.**

5). **നാല് വർഷ ബിരുദ കോഴ്സിന് ഇന്ന് കേരളത്തിൽ തുടക്കമാകും.**

**Four-year undergraduate programmes to be officially launched today in Kerala.**

6). വനിതാ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ദക്ഷിണാഫ്രിക്ക ഫോളോ ഓൺ ചെയ്യുന്നു. നാല് വിക്കറ്റിന് 232 റൺസ് എന്ന നിലയിൽ ഇന്ന് കളി പുനഃരാരംഭിക്കും.

**In Women's Test Cricket, South Africa will resume their second innings, on day four of the one off test match against India, at the M.A. Chidambaram Stadium in Chennai this morning. South Africa still trailing by 105 runs.**

************************************************

**NEW CRIMINAL LAWS –(INTRO)**

മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ രാജ്യത്ത് ഇന്ന് മുതൽ പ്രാബല്യത്തിൽ. ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നിവയാണ് നിലവിൽ വരുന്നത്.

**വിശദാംശങ്ങളിലേക്ക്..**

**(VOICE...)**

ഐപിസിക്ക് പകരമായി ഭാരതീയ ന്യായസംഹിതയും സിആർപിസിക്കു പകരമായി ഭാരതീയ നാഗരിക് സുരക്ഷാസംഹിതയും ഇന്ത്യൻ തെളിവു നിയമത്തിനു പകരമായി ഭാരതീയ സാക്ഷ്യ അധിനിയവുമാണ് നിലവിൽ വരുന്നത്.പുതിയ നിയമങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുമായും കേന്ദ്ര ഭരണ പ്രദേശങ്ങളുമായും വിശദമായ ചർച്ചകൾ ഇതിനകം പൂർത്തിയാക്കി. കുറ്റകൃത്യങ്ങൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യൽ, ഏതു പൊലീസ് സ്റ്റേഷനിൽ വേണമെങ്കിലും എഫ് ഐ ആർ സമർപ്പിക്കൽ, ഇരകൾക്ക് എഫ്ഐആറിന്റെ പകർപ്പ് സൗജന്യമായി ലഭ്യമാക്കൽ എന്നിവ പുതിയ ക്രിമിനൽ നിയമങ്ങളിലെ പ്രധാന വ്യവസ്ഥകളാണ്. ഇതുകൂടാതെ, അറസ്റ്റ് രേഖപ്പെടുത്തുന്ന സാഹചര്യമുണ്ടായാൽ ഏതൊരാൾക്കും അദ്ദേഹത്തിന് താല്പര്യമുള്ള വ്യക്തിയെ വിവരം അറിയിക്കാനുള്ള

അവകാശവും പുതിയ നിയമം നൽകുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് മുൻഗണന നൽകി, രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാക്കണം. ഗുരുതര കുറ്റകൃത്യങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ഫോറൻസിക് വിദഗ്ധർ സന്ദർശിച്ചു തെളിവുകൾ ശേഖരിക്കേണ്ടത് പുതിയ ക്രിമിനൽ നിയമത്തിൽ നിർബന്ധമാക്കി. നിയമനടപടികൾ ത്വരിതപ്പെടുത്തുന്നതിനും കേസുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ കക്ഷികൾക്കിടയിലും കാര്യക്ഷമമായ ആശയവിനിമയം ഉറപ്പാക്കുന്നതിനും സമൻസുകൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകാനും നിർദേശിക്കുന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി......

*************************************************

**ARJUN RAM MEGHWAL-NEW CRIMINAL**

കേവലം 'ശിക്ഷ'യെക്കാൾ 'നീതി'ക്ക് മുൻഗണന നൽകാനാണ് പുതിയ ക്രിമിനൽ നിയമങ്ങൾ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര നിയമ, നീതിന്യായ സഹമന്ത്രി അർജുൻ റാം മേഘ്വാൾ മുംബൈയിൽ പറഞ്ഞു. ഈ നിയമങ്ങളുടെ രൂപീകരണത്തിൽ എംപിമാരും എംഎൽഎമാരും ഉൾപ്പെടെയുള്ളവരുമായും സാധാരണ പൗരന്മാരുമായും വിപുലമായ കൂടിയാലോചന നടത്തിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

*************************************************

**JAISHANKAR-QATAR**

ഖത്തർ പ്രധാനമന്ത്രി മുഹമ്മദ് ബിൻ അബ്ദുൾറഹ്മാൻ ബിൻ ജാസിം അൽതാനിയുമായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ദോഹയിൽ കൂടിക്കാഴ്ച നടത്തി. രാഷ്ട്രീയം, വ്യാപാരം, നിക്ഷേപം, ഊർജം, സാങ്കേതികവിദ്യ, സംസ്കാരം, തുടങ്ങിയ വിഷയങ്ങളിൽ ഇരുനേതാക്കളും ആശയ വിനിമയം നടത്തി. ഗാസയിലെ സാഹചര്യത്തെക്കുറിച്ചുള്ള നിലപാടും ഖത്തർ പങ്കുവച്ചു. ഇന്ത്യ-

ഖത്തർ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുമെന്നും പരസ്പര താൽപ്പര്യമുള്ള വിഷയങ്ങളിൽ ചർച്ച തുടരുമെന്നും കേന്ദ്രമന്ത്രി എസ് ജയ്ശങ്കർ പറഞ്ഞു.

*********************************************

**GOVT - ANTI DUMPING PROBE**

ചൈന, തായ്ലൻഡ്, ബഹ്റൈൻ എന്നിവിടങ്ങളിൽ നിന്നും അമിതമായ അളവിൽ ഗ്ലാസ് ഫൈബർ ഉത്പന്നങ്ങൾ ഇന്ത്യയിലേക്ക് ഇറക്കുമതിചെയ്യുന്നുവെന്ന പരാതിയിൽ അന്വേഷണം ആരംഭിച്ചു. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ അന്വേഷണ വിഭാഗമാണ് വിഷയം പരിശോധിക്കുന്നത്. ഈ രംഗത്തെ ഇന്ത്യൻ കമ്പനികൾക്ക് വലിയ നഷ്ടം ഉണ്ടാകുന്നതായി സ്ഥിരീകരിച്ചാൽ ഇത്തരം ഉത്പന്നങ്ങൾക്ക് ഇറക്കുമതിചുങ്കം ചുമത്താൻ കേന്ദ്രസർക്കാരിന് അധികാരമുണ്ട്.

*********************************************

**INDIA-UN MEET**

ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ഇന്നലെ ദോഹയിൽ ആരംഭിച്ച അഫ്ഗാനിസ്ഥാനുമായി ബന്ധപ്പെട്ട സമ്മേളനത്തിൽ ഇന്ത്യയും പങ്കുചേർന്നു. വിദേശകാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ജെ പി സിംഗ് ആണ് ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. താലിബാൻ ഭരണത്തിൽ അഫ്ഗാൻ ജനതയുടെ ജീവിതം മെച്ചപ്പെടുത്താനുള്ള വഴികൾ തേടുന്ന അഫ്ഗാനിസ്ഥാനെക്കുറിച്ച് യു.എൻ നടത്തുന്ന മൂന്നാമത് സമ്മേളനമാണിത്. ഇന്ത്യ ഉൾപ്പെടെ 25 രാജ്യങ്ങൾ പങ്കെടുക്കുന്നു.

*********************************************

**BIHAR CBI NEET**

നീറ്റ് - യു ജി ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് അറസ്റ്റിലായ പ്രതിയെ പട്ന ജയിലിലെത്തി അന്വേഷകസംഘം ചോദ്യം ചെയ്തു. ചോദ്യപ്പേപ്പർ ചോർന്ന സംഭവത്തിൽ ബിഹാർ, ജാർഖണ്ഡ് എന്നിവിടങ്ങളിൽനിന്ന് ഇതുവരെ അഞ്ചുപേരെയാണ് അറസ്റ്റ് ചെയ്തത്.

**********************************************

**MP, RAJASTHAN-RIVER LINKING PROJECT**

72,000 കോടി രൂപയുടെ പർബതി-കാളിസിന്ധ്-ചമ്പൽ നദി സംയോജന പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ട് മധ്യപ്രദേശും രാജസ്ഥാനും. ഭോപ്പാലിൽ രാജസ്ഥാൻ മുഖ്യമന്ത്രി ഭജൻലാൽ ശർമ്മയുടെയും മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവിന്റെയും സാന്നിധ്യത്തിൽ ഇരു സർക്കാരുകളും ധാരണാപത്രത്തിൽ ഒപ്പുവച്ചു. കിഴക്കൻ രാജസ്ഥാനിലും, മധ്യപ്രദേശിലെ മാൾവ, ചമ്പൽ മേഖലകളിലെ 13 ജില്ലകളിലും, കുടിവെള്ളവും, വ്യാവസായിക ആവശ്യത്തിനുള്ള വെള്ളവും ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**********************************************

**PLATINUM JUBILEE**

തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ ജില്ലകൾക്ക് ഇന്ന് പ്ലാറ്റിനം ജൂബിലി. തിരുവിതാം കൂർ - കൊച്ചി സംയോജനത്തോടെയാണ് ഈ ജില്ലകൾ നിലവിൽവന്നത്.

**********************************************

**4YEARS DEGREE**

നാല് വർഷ ബിരുദ കോഴ്സിന് കേരളത്തിൽ ഇന്ന് തുടക്കമാകും. കേരള, കലിക്കറ്റ്, എം.ജി, കണ്ണൂർ സർവകലാശാലകൾക്ക് കീഴിലെ 864 കോളേജുകളിലും കേരള, മലയാളം, സംസ്കൃത സർവകലാശാലകളിലെ പഠന

കേന്ദ്രങ്ങളിലുമായാണ് നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത്. രണ്ടര ലക്ഷം വിദ്യാർത്ഥികൾ ആദ്യ ദിനം കോളേജുകളിലെത്തും. തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കും.

*****************************************************

**NIYAMASABHA**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം തുടരുന്നു. ബജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ഇന്ന് നടക്കും. 2024- ലെ കേരള നികുതി വസൂലാക്കൽ ഭേദഗതി ബിൽ സഭയിൽ അവതരിപ്പിക്കും.

*****************************************************

**LAND**

ഭൂമി തരംമാറ്റൽ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന വികേന്ദ്രീകരണ സംവിധാനത്തിൻറെ ഉദ്ഘാടനം മന്ത്രി കെ.രാജൻ ഇന്ന് നിർവഹിക്കും.

*****************************************************

**HAJJ**

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിന് പോയവരുടെ മടക്കയാത്ര ഇന്നു മുതൽ. കോഴിക്കോട്ടേക്കുള്ള ആദ്യ വിമാനം ഇന്ന് വൈകിട്ട് കരിപ്പൂരിലെത്തും. 166 ഹാജിമാരാണ് ആദ്യ വിമാനത്തിൽ എത്തുന്നത്. രണ്ടാമത്തെ സർവീസ് രാത്രി 8.25-ന് എത്തും. കൊച്ചിയിലേക്കും കണ്ണൂരിലേക്കും മടങ്ങുന്ന വിമാനങ്ങൾ ജൂലൈ 10-ന് യാത്ര ആരംഭിക്കും.

*****************************************************

**VANAMAHOLSAVAM**

ഈ വർഷത്തെ വനമഹോത്സവം ഇന്നുമുതൽ ജൂലൈ ഏഴ് വരെ നടക്കും. സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വനംവകുപ്പ് ആസ്ഥാനത്ത് മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിക്കും.

************************************************

**WOMEN S TEST – DAY FOUR**

ഇന്ത്യ- ദക്ഷിണാഫ്രിക്ക വനിതാ ടെസ്റ്റ് ക്രിക്കറ്റിൽ നാലാം ദിനമായ, ഇന്ന് ദക്ഷിണാഫ്രിക്ക രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഇന്നലെ കളി നിർത്തുമ്പോൾ ദക്ഷിണാഫ്രിക്ക രണ്ട് വിക്കറ്റ് നഷ്ടത്തിൽ 232 റൺസ് എന്ന നിലയിലായിരുന്നു. ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറിനേക്കാൾ 105 റൺസിന് പിന്നിലാണ് ദക്ഷിണാഫ്രിക്ക. ആദ്യ ഇന്നിംഗ്സിൽ ആറ് വിക്കറ്റിന് ഇന്ത്യ 603 റൺസ് നേടിയതോടെ ദക്ഷിണാഫ്രിക്ക ഫോളോ-ഓൺ ചെയ്യുകയാണ്.

************************************************

**EURO CUP**

യൂറോ കപ്പിൽ ഇന്നലെ രാത്രി നടന്ന മത്സരത്തിൽ സ്പെയിൻ 4-1 ന് ജോർജിയയെ പരാജയപ്പെടുത്തി ക്വാർട്ടർ ഫൈനലിൽ ഇടം നേടി. ജർമ്മനിയാണ് എതിരാളി. മറ്റൊരു പ്രീക്വർട്ടറിൽ ഇംഗ്ലണ്ട് സ്ലോവാക്യയെ 2-1 ന് പരാജയപ്പെടുത്തി. ക്വാർട്ടർ ഫൈനലിൽ ഇംഗ്ലണ്ട് സ്വിറ്റ്സർലൻഡിനെ നേരിടും.

************************************************

**NATIONAL DOCTORS DAY**

ഇന്ന് ദേശീയ ഡോക്ടർസ് ദിനം. അർപ്പണഭാവത്തോടെ സമൂഹത്തിൻറെ ക്ഷേമത്തിനും ആരോഗ്യത്തിനുമായി പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ നിസ്വാർത്ഥ സേവനങ്ങളെ തിരിച്ചറിയുവാനും നന്ദി പ്രകാശിപ്പിക്കുവാനുമുള്ള

അവസരമായാണ് രാജ്യം ജൂലൈ ഒന്ന് ഡോക്ടർമാരുടെ ദിനമായി ആചരിക്കുന്നത്.

*********************************************

**RAIN KERALA**

കേരളത്തിൽ വ്യാഴാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷദ്വീപ്, കർണ്ണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്.

*********************************************

**FRANCE ELECTION- FAR-RIGHT AHEAD**

ഫ്രാൻസ് പാർലമെന്റിലേക്കുള്ള ആദ്യവട്ട തെരഞ്ഞെടുപ്പിൽ മറീൻ ലാ പെന്നിന്റെ തീവ്ര വലതുപക്ഷ ദേശീയ റാലി പാർട്ടി മുന്നിലെത്തിയതായി എക്സിറ്റ് പോൾ ഫലങ്ങൾ സൂചിപ്പിക്കുന്നു. പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ മധ്യ വലതുപക്ഷ സഖ്യവും ഇടതുപക്ഷ സഖ്യവും പിന്നിലാണ്. ജൂലൈ ഏഴിന് രണ്ടാം വട്ട തെരഞ്ഞെടുപ്പ് നടക്കും.

*********************************************

**INDIAN ECONOMY-GOYAL**

രാജ്യത്തിന്റെ കയറ്റുമതിയിലെ ആരോഗ്യകരമായ വർധനയും ഉൽപ്പാദനം വിപുലീകരിക്കുന്നതിലുള്ള ശ്രദ്ധയും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ആരോഗ്യകരമായ വളർച്ചാ നിരക്ക് രേഖപ്പെടുത്താൻ സഹായിക്കുമെന്ന് കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ മുംബൈയിൽ പറഞ്ഞു. ഈ സാമ്പത്തിക വർഷം ഇന്ത്യയുടെ ചരക്ക് സേവന കയറ്റുമതി 800 ബില്യൺ ഡോളർ കടക്കുമെന്ന് മന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

*********************************************

## MAHA-FAMILY DROWN IN WATERFALL

മുംബൈയ്ക്കടുത്തുള്ള ലോണാവാലയിൽ വിനോദയാത്രയ്ക്ക് പോയ സ്ത്രീയും കൗമാരക്കാരിയായ പെൺകുട്ടിയുമുൾപ്പെടെ ഒരു കുടുംബത്തിലെ അഞ്ച് പേർ ഒഴുക്കിൽപെട്ടു. ഭൂസി അണക്കെട്ടിന് സമീപത്തെ വെള്ളച്ചാട്ടത്തിൽ ഇവർ ഒഴുക്കിൽപ്പെടുകയായിരുന്നു. രണ്ട് മൃതദേഹങ്ങൾ കണ്ടെടുത്തതായി പൊലീസ് അറിയിച്ചു.

************************************************

## J K GOVERNOR VISIT

ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ ശ്രീനഗറിലെ പാന്ത ചൗക്കിൽ അമർനാഥ് യാത്രയിൽ പങ്കെടുക്കുന്നവരുടെ ക്യാമ്പ് സന്ദർശിച്ചു. യാത്രക്കാർക്കുള്ള ക്രമീകരണങ്ങൾ പരിശോധിച്ചു.

************************************************

## OLYMPICS

പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിനുള്ള വേഷവിധാനങ്ങളും മറ്റും ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യയും പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരിയും അനാച്ഛാദനം ചെയ്തു. അടുത്ത മാസം 26 മുതൽ ഓഗസ്റ്റ് 11 വരെ നടക്കുന്ന പാരീസ് ഒളിമ്പിക്സിലേക്ക് ഇന്ത്യ 120-ഓളം അത്ലറ്റുകളുടെ സംഘത്തെയാണ് അയയ്ക്കുന്നത്.

****************

****************

************************************************

आकाशवाणी